പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2522 — 18.06.2014 ൽ മറുപടിക്ക്.

## അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഗീതാ ഗോപി | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രശ്നം പഠിക്കാൻ വിദഗ്ധ സമിതിയെ നിയോഗിക്കുമോ; | (എ) പഠനവിധേയമാക്കിയിട്ടില്ല.ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) വൻകിട തുണിക്കടകൾ പോലുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള അസൗകര്യങ്ങളുള്ളതും വിശ്രമ വേളകൾ അനുവദിക്കാത്തതുമായ പ്രശ്നങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;ഇതു സംബന്ധിച്ച പരാതികളോ നിവേദനങ്ങളോ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ? | (ബി) വൻകിട തുണിക്കടകൾ പോലുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ സ്ത്രീ തൊഴിലാളികൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലെന്നും, വിശ്രമ വേളകൾ അനുവദിക്കുന്നില്ലെന്നും, തുടങ്ങിയ പ്രശ്നങ്ങൾ തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് നിരവധി പരാതികളും ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം 21.05.2014 മുതൽ 31.05.2014 വരെ സംസ്ഥാന വ്യാപകമായി 712 തുണിക്കടകളിൽ സ്ക്വാഡ് ഇൻസ്പെക്ഷനുകൾ നടത്തി, തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും, അടിസ്ഥാന |

സൗകര്യങ്ങളും ലഭ്യമാക്കുന്നു ണ്ടോ എന്ന് പരിശോധിക്കുകയുണ്ടായി.

പരിശോധനാവേളയിൽ കാണപ്പെട്ട നിയമലംഘനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ 1961–ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ചട്ടങ്ങളിൽ തൊഴിലാളികൾക്ക് അവരുടെ എണ്ണത്തിനനുപാതികമാ യി ടോയ്‌ലെറ്റു കൾ ഏ ർപ്പെടുത്തുന്നതിനും തലച്ചു മടാ യി എടുക്കാവുന്ന പരമാവധി ഭാരം 75 കി.ഗ്രാം–ൽ നിന്നും 55 കി.ഗ്രാം ആയി കുറച്ചുകൊണ്ടും ഭേദഗതി വരു ത്താനാ യി തയ്യാറാക്കിയ കരട് വിജ്ഞാപനം സർക്കാ രിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ